"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട നാരായണൻ.എസ് ന്റെ മകൾ കുമാരി ശരണ്യ.എൻ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.142/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. കുമാരി ശരണ്യ.എൻ സമർപ്പിച്ച 08.08.2023 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.01.2024 തീയതിയിലെ LSGD/PD/70608/2023-DEF7 നമ്പർ കത്ത്.
5. പാലക്കാട് ജില്ലാ കളക്ടറുടെ 05.08.2024 തീയതിയിലെ DCPKD/3038/2024-A3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 03.08.2022 തീയതിയിൽ മരണപ്പെട്ട നാരായണൻ.എസ് ന്റെ മകൾ കുമാരി ശരണ്യ.എൻ (ഹൗസ് നം.22/563, ചിറയത്ത് ഹൗസ്, ശെൽവപാളയം, പാലക്കാട്, പിൻ-678001) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. നാരായണൻ.എസ്-ന്റെ സേവനകാലം 11 വർഷവും 01 മാസവും 07 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 20.05.1968, 28.06.2011 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും പാലക്കാട് ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് പരാമർശം 4, 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. കുമാരി. ശരണ്യ.എൻ, എസ്.എസ്.എൽ.സി, ഡിഗ്രി പരീക്ഷകൾ വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനന ത:ീയതി 20.01.2002 എന്നതുമാണ്. ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (08.08.2023) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി നാരായണൻ.എസ്-ന്റെ

ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് പാലക്കാട് നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ കുമാരി. ശരണ്യ.എൻ-ന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാൾ അവിവാഹിതയാണ്. കുമാരി ശരണ്യ.എൻ-ന്റെ കുടുംബ വാർഷിക വരുമാനം 72,000/-രൂപയാണെന്ന് (എഴുപത്തിരണ്ടായിരം രൂപ മാത്രം) പാലക്കാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ പരാമർശം 2 ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്. ടി സംരക്ഷണസമ്മതമൊഴി ലംഘിക്കുന്ന പക്ഷം 14.07.2023 ലെ സ.ഉ (പി) നം. 12/2023/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും കുമാരി ശരണ്യ.എൻ സമർപ്പിച്ചിട്ടുണ്ട്. കുമാരി ശരണ്യ.എൻ, പാലക്കാട് ജില്ലയിൽ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 03.08.2022 തീയതിയിൽ മരണപ്പെട്ട നാരായണൻ.എസ് ന്റെ മകൾ കുമാരി ശരണ്യ.എൻ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർ ശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/പ്രിൻ സിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

സെക്രട്ടറി, പാലക്കാട് നഗരസഭ

ജില്ലാ കളക്ടർ , പാലക്കാട്.

കുമാരി ശരണ്യ.എൻ, ഹൗസ് നം.22/563, ചിറയത്ത് ഹൗസ്, ശെൽവപാളയം, പാലക്കാട്, പിൻ-678001

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/38/2024-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 23-10-2024 15:05:44

സെക്ഷൻ ഓഫീസർ